LIBRARY ARCHIVES Kerala Legislative Assembly

വാമനപുരം മണ്ഡലത്തിലെ നാട്ടരങ്ങ് പദ്ധതി

294(600) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കാനുള്ള പ്രൊപ്പോസലിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) നാട്ടരങ്ങ് പദ്ധതി പ്രകാരം എത്ര തുകയാണ് സാംസ്കാരിക കേന്ദ്രങ്ങൾക്ക് ചെലവഴിക്കാൻ കഴിയുന്നത്; വിശദവിവരങ്ങൾ നൽകാമോ?

നടപ്പ് സാമ്പത്തിക വർഷം നാട്ടരങ്ങ് പദ്ധതിക്കായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു നാട്ടരങ്ങിന് 20 ലക്ഷം രൂപ വീതം 2 നാട്ടരങ്ങാണ് ഒരു സാമ്പത്തിക വർഷം സ്ഥാപിക്കാനാവുക. സ്ഥല ലഭ്യതയ്ക്കനുസരിച്ച് ഒരു ഇറന്ന സ്റ്റേജ്, ഒരു ചമയമുറി, ഗാർഡൻ ബഞ്ചുകൾ എന്നിവയും സൗന്ദര്യവൽക്കരണത്തിനായി ചുവർചിത്രങ്ങൾ, ചെറുശില്പങ്ങൾ, റിലീഫ് വർക്കുകൾ തുടങ്ങിയവയും പദ്ധതിയിൻ കീഴിൽ വിഭാവനം ചെയ്തിട്ടുണ്ട്. പ്രാദേശിക ആവശ്യപ്രകാരം കൂടുതൽ സൗകര്യങ്ങൾ നാട്ടരങ്ങിൽ ഏർപ്പെടുത്തണമെങ്കിൽ ആയതിനുള്ള തുക എം.പി.-മാർ, എം.എൽ.എ.-മാർ തുടങ്ങിയ ജനപ്രതിനിധികളുടെ പ്രാദേശിക വികസന/ആസ്തി വികസന ഫണ്ടിൽ നിന്നും കണ്ടെത്താവുന്നതാണ്.

കലാഭവൻ മണി സ്മാരകം

295(601) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ നടൻ കലാഭവൻ മണിക്ക് സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ;

(ബി) സ്മാരകം നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

(എ&ബി) ചാലക്കുടിയിൽ കലാഭവൻ മണിക്ക് സ്മാരകം നിർമ്മിക്കുന്നതിന് 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. സ്മാരകം നിർമ്മിക്കുന്നതിന് കിഴക്കെ ചാലക്കുടി വില്ലേജിൽ സർവ്വേ 438/4-ൽ 20 സെന്റ് ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിലനിർത്തി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകി തൃശ്ശൂർ ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്. സ്മാരക നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയ പ്ലാൻ പ്രകാരം ആകെ എസ്റ്റിമേറ്റ് തുക മൂന്ന് കോടി രൂപയുടെ പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതും ഇക്കാര്യത്തിന് ഒരു കോടി രൂപ ആദ്യ ഗഡുവായി റിലീസ് ചെയ്യുന്നതും സംബന്ധിച്ച ഫയൽ സർക്കാരിന്റെ പരിഗണനയിലാണ്. ഈ പദ്ധതിക്ക് ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ല.

(സി) സ്മാരകത്തോടനുബന്ധിച്ച് കേരള ഫോക് ലോർ അക്കാദമിയുടെ ഉപകേന്ദ്രം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

സ്മാരകം പൂർത്തീകരിക്കുന്ന മുറയ്ക്ക് ആലോചിക്കാവുന്നതാണ്.

മലമ്പുഴ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

296(602) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2021 വരെയുള്ള കാലയളവിൽ സാംസ്കാരിക വകുപ്പ് മുഖേന മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും ആയതിന് അനുവദിച്ച തുകയും വിശദമാക്കാമോ?

2016 മുതൽ 2021 വരെയുള്ള കാലയളവിൽ മലമ്പുഴ മണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ ഭാഗമായി മലമ്പുഴയിൽ 5 കലാകാരന്മാരെ വിന്യസിക്കുകയും പ്രസ്തുത കലാകാരന്മാർ മലമ്പുഴ ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. കലാകാരന്മാർക്ക് 10,000 രൂപ വീതം സാംസ്കാരിക വകുപ്പിൽ നിന്നും 5000 രൂപ വീതം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകി വരുന്നു.